"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - എം.എസ്.സി. കോർപ്പറേറ്റ് മാനേജ്മെന്റിന്റെ ചെറുവയ്ക്കൽ സെന്റ് എഫ്രേം യു.പി. സ്കൂളിലെ യു.പി.എസ്.റ്റി. ആയ ശ്രീമതി മിനി ഡാനിയേലിന്റെ 01/06/2010 മുതൽ 31/05/2011 വരെയുള്ള നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1026/2026/GEDN തീയതി,തിരുവനന്തപുരം, 04-02-2026

---

പരാമർശം:-

1. എം.എസ്.സി. കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച 08/09/2025-ലെ റിവിഷൻ ഹർജി.
2. തിരുവനന്തപുരം വടക്ക് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 18/11/2025-ലെ AEOTVM/739/2025-C നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21/11/2025-ലെ എഫ്1/22378/2025/ഡിജിഇ നമ്പർ കത്ത്.

**ഉത്തരവ്**

എം.എസ്.സി. കോർപ്പറേറ്റ് മാനേജ്മെന്റിന്റെ ചെറുവയ്ക്കൽ സെന്റ് എഫ്രേം യു.പി. സ്കൂളിലെ യു.പി.എസ്.റ്റി. ആയ ശ്രീമതി മിനി ഡാനിയേലിന്റെ 01/06/2010 മുതൽ 31/05/2011 വരെയുള്ള നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിൽ 25/11/2025 തീയതിയിൽ വാദം കേട്ടു.

**2. ഹർജിക്കാരന്റെ വാദം :**

എം.എസ്.സി. കോർപ്പറേറ്റ് മാനേജ്മെന്റിന്റെ ചെറുവയ്ക്കൽ സെന്റ് എഫ്രേം യു.പി. സ്കൂളിൽ യു.പി.എസ്.റ്റി. ആയിരുന്ന 43 അവകാശിയായ ശ്രീ.കെ.രാജുവിന് 01/06/2010 മുതൽ എച്ച്.എസ്.റ്റി. ആയി സ്ഥാനക്കയറ്റം നൽകി കിഴക്കേക്കര സെന്റ് മേരീസ് എച്ച്.എസ്.എസ്. -ൽ നിയമിച്ചിരുന്നു.

01/06/2010 മുതലുള്ള ശ്രീ. കെ.രാജുവിന്റെ എച്ച്.എസ്.റ്റി. സ്ഥാനക്കയറ്റ ഒഴിവിലാണ് ശ്രീമതി മിനി ഡാനിയേലിനെ 01/06/2010 മുതൽ യു.പി.എസ്.റ്റി. ആയി ചെറുവയ്ക്കൽ സെന്റ് എഫ്രേം യു.പി. സ്കൂളിൽ നിയമിച്ചത്. എന്നാൽ, സർക്കാർ ഉത്തരവ് നമ്പർ 10/2010/പൊവിവ തീയതി 12/01/2010 ഉത്തരവ് പ്രകാരം 43/51എ അവകാശിയായ ശ്രീ.രാജുവിന്റെ എച്ച്.എസ്.റ്റി. സ്ഥാനക്കയറ്റ നിയമനം പരിമിതപ്പെടുത്തി അധ്യാപക പാക്കേജിന്റെ അടിസ്ഥാനത്തിൽ 01/06/2011 മുതൽ മാത്രമാണ് അംഗീകരിച്ചത്. ആയതിനാൽ, ശ്രീമതി മിനി ഡാനിയേലിന്റെ 01/06/2010 മുതലുള്ള യു.പി.എസ്.റ്റി. നിയമനവും പരിമിതപ്പെടുത്തി ഒഴിവ് സ്ഥാപിതമായ 01/06/2011 മുതൽ മാത്രമാണ് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് നമ്പർ

എഫ്1/35925/17 തീയതി 18/08/2017 ഉത്തരവ് പ്രകാരം അംഗീകരിച്ചത്. ഒഴിവ് സ്ഥാപിതമല്ലാത്തതിനാൽ 01/06/2010 മുതൽ 31/05/2011 വരെയുള്ള നിയമനം അംഗീകരിച്ചിട്ടില്ല.

സർക്കാർ ഉത്തരവ് നമ്പർ 4439/2025/പൊവിവ തീയതി 04/07/2025 ഉത്തരവ് പ്രകാരം, ശ്രീ. രാജുവിന്റെ 01/06/2010 മുതൽ 03/05/2011 വരെയുള്ള സ്ഥാനക്കയറ്റ നിയമനം എല്ലാ ആനുകൂല്യങ്ങളോടും കൂടി പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് ബി5/663/24 തീയതി 25/09/2025 നമ്പർ ഉത്തരവ് പ്രകാരം ഉത്തരവായിട്ടുണ്ട്.

അപ്രകാരം, ശ്രീമതി മിനി ഡാനിയേലിനെ നിയമിച്ചിട്ടുള്ള ഒഴിവ് 01/06/2010 മുതൽ സ്ഥാപിതമായി. ഈ സാഹചര്യത്തിൽ. ശ്രീമതി മിനി ഡാനിയേലിന്റെ 01/06/2010 മുതൽ 31/05/2011 വരെയുള്ള നിയമനം അംഗീകരിക്കുന്നതിന് മറ്റ് തടസങ്ങൾ ഒന്നും നിലവിലില്ല.

മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ചെറുവയ്ക്കൽ സെന്റ് എഫ്രേം യു.പി. സ്കൂളിൽ 01/06/2010 മുതൽ സ്ഥാപിത ഒഴിവിൽ നിയമിതയായ ശ്രീമതി മിനി ഡാനിയേലിന്റെ 01/06/2010 മുതൽ 31/05/2011 വരെയുള്ള യു.പി.എസ്.റ്റി. നിയമനം അംഗീകരിച്ചു നൽകാൻ നിർദ്ദേശം നൽകി റിവിഷൻ പെറ്റിഷൻ തീർപ്പാക്കണമെന്ന് അപേക്ഷിക്കുന്നു.

## <u>3. വിദ്യാഭ്യാസ ഓഫീസർമാരുടെ വാദം:</u>

എം.എസ്.സി. കോർപ്പറേറ്റ് മാനേജ്മെന്റിലെ ചെറുവയ്ക്കൽ സെന്റ് എഫ്രേം യു.പി.എസ്.ൽ യു.പി.എസ്.ടി. തസ്തികയിൽ 01/06/2010 മുതൽ ശ്രീമതി മിനി ഡാനിയേൽ നെ നിയമിച്ചു. ശ്രീമതി മിനി ഡാനിയേൽ ന്റെ നിയമനം യു.പി.എസ്.ടി. ആയിരുന്ന ശ്രീ. രാജുവിന് എച്ച്.എസ്.ടി. തസ്തികയിൽ സ്ഥാനക്കയറ്റം ലഭ്യമായതു മൂലം ഉണ്ടായ ഒഴിവിലേക്കാണ്. ശ്രീ. രാജു ടി. യുടെ എച്ച്.എസ്.ടി. തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം 12/01/2010 ലെ സ.ഉ.10/2010/പൊ.വി.വ. പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടില്ല എന്ന കാരണത്താൽ 01/06/2010 മുതലുള്ള നിയമനം നിരസിക്കുകയും 01/10/2011 ലെ സ.ഉ.(പി) നം.199/11/പൊ.വി.വ. പ്രകാരമുള്ള അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി 01/06/2011 മുതൽ അംഗീകരിച്ച് നൽകുകയും ചെയ്തിരുന്നു. ആയതിനാൽ ഒഴിവ് നിലവിൽ വന്നത് 01/06/2011 മുതലായി കണക്കാക്കി ശ്രീമതി മിനി ഡാനിയേൽ ന്റെ നിയമനം 01/06/2011 മുതൽ മാത്രമാണ് തിരുവനന്തപുരം വടക്ക് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നൽകിയിട്ടുള്ളത്.

01/06/2010 മുതൽ 31/05/2011 വരെയുള്ള നിയമന അംഗീകാരം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട ശ്രീ. രാജു റ്റി. ബഹു:ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)14199/2014 ന്റെ 08/04/2024 ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.സ.ഉ.(സാധാ)നം.4439/2025/പൊവിവ തീയതി 04/07/2025 പ്രകാരം ശ്രീ.രാജു ടി. KER അദ്ധ്യായം XIV A ചട്ടം 43 അവകാശി ആയതിനാൽ ടിയാളുടെ സ്ഥാനകയറ്റ നിയമനം അംഗീകരിക്കുന്നതിന് സംരക്ഷിത അദ്ധ്യാപകരെ നിയമിക്കണമെന്ന വ്യവസ്ഥ ബാധകമാക്കേണ്ടതില്ല എന്നും 12/01/2010 ലെ സ.ഉ.10/2010/പൊ.വി.വ പ്രകാരം ഉത്തരവ് തീയതി മുതൽ നിയമന നിരോധനം നിലവിലില്ല എന്നും പരാമർശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 01/06/2010 മുതൽ 31/05/2011 വരെയുള്ള നിയമനം അംഗീകരിച്ച് നൽകുന്നതിനായി പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറെ ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്തിരുന്നു. മേൽ സാഹചര്യത്തിൽ ശ്രീ. രാജു ടി. യുടെ എച്ച്.എസ്.ടി. തസ്തികയിലെ 01/06/2010 മുതൽ 31/05/2011 വരെയുള്ള സ്ഥാനക്കയറ്റം പുനലൂർ ജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

ശ്രീ. രാജു ടി.ക്ക് 01/06/2010 മുതൽ 31/05/2011 വരെയുള്ള കാലയളവിലെ നിയമന അംഗീകാരം ലഭ്യമായിട്ടുണ്ട്. ശ്രീ. രാജു ടി. യുടെ സ്ഥാനക്കയറ്റം മൂലം നിലവിൽ വന്ന ഒഴിവിൽ 01/06/2010 മുതലാണ് ശ്രീമതി മിനി ഡാനിയേലിനെ നിയമിച്ചിട്ടുള്ളത്. ശ്രീ. രാജു ടി. യുടെ 01/06/2010 മുതൽ 31/05/2011 വരെയുള്ള സ്ഥാനക്കയറ്റം അംഗീകരിച്ചതിനാൽ 01/06/2010 മുതൽ തന്നെ ഒഴിവ് നിലവിലുണ്ട്. 2010-11 വർഷത്തെ സെന്റ് എഫ്രേം യു.പി.എസ്. ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം 2 യു.പി.എസ്.ടി. തസ്തികകളാണ് നിലവിലുണ്ടായിരുന്നത്. 01/06/2010 മുതൽ ശ്രീമതി മിനി ഡാനിയേലിനെ യു.പി.എസ്.ടി. തസ്തികയിൽ ഉൾക്കൊള്ളുന്നതിനുള്ള ഒഴിവ് വ്യവസ്ഥാപിതമായതിനാലും മേൽ തസ്തിക നിലനിന്നിരുന്നതിനാലും ശ്രീമതി മിനി ഡാനിയേലിന്റെ യു.പി.എസ്.ടി. തസ്തികയിലെ 01/06/2010 മുതൽ 31/05/2011 വരെയുള്ള നിയമനം പരിഗണിക്കാവുന്നതാണ്.

4. സർക്കാർ ഈ വിഷയം ലഭ്യമായ റിപ്പോർട്ടുകളുടെയും നിലവിലെ ചട്ടങ്ങളുടെയും ഹിയറിംഗിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ചെറുവയ്ക്കൽ സെന്റ് എഫ്രേം യു.പി. സ്കൂളിൽ യു.പി.എസ്.ടി. ആയി ശ്രീമതി മിനി ഡാനിയൽ 01/06/2010 തീയതിയിൽ നിയമിതയായി. ശ്രീമതി മിനി ഡാനിയേലിന്റെ നിയമനം യു.പി.എസ്.ടി ആയിരുന്ന ശ്രീ. രാജുവിനെ എച്ച്.എസ്.ടി തസ്തികയിൽ സ്ഥാനക്കയറ്റം ലഭ്യമായത് മൂലം ഉണ്ടായ ഒഴിവിലാണ്.

5. ശ്രീ.രാജുവിന്റെ എച്ച്.എസ്.ടി തസ്തികയിലെ സ്ഥാനക്കയറ്റ നിയമനം01.06.2010മുതൽ31.05.2011വരെയുള്ള സ്ഥാനക്കയറ്റനിയമനം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ആയതിനാൽ ശ്രീമതി മിനി ഡാനിയേലിനെ യു പി എസ് ടി തസ്തികയിൽ ഉൾക്കൊള്ളുന്നതിനുള്ള ഒഴിവ് 01/06/2010 മുതൽ വ്യവസ്ഥാപിതമായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ചെറുവക്കൽ സെന്റ് എഫ്രേം യു.പി. സ്കൂളിലെ യു.പി.എസ്.ടി ശ്രീമതി മിനി ഡാനിയലിന്റെ 01/06/2010 മുതൽ 31/05/2011 വരെയുള്ള നിയമനം മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ചു നൽകുന്നതിന് തിരുവനന്തപുരം നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. മേൽപ്രകാരം എം.എസ്.സി. കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

കോർപ്പറേറ്റ് മാനേജർ, എം.എസ്.സി. സ്കൂൾസ്, പട്ടം, തിരുവനന്തപുരം.
ശ്രീമതി മിനി ഡാനിയേൽ, യു.പി.എസ്.റ്റി., സെന്റ് എഫ്രേം യു.പി. സ്കൂൾ, ചെറുവയ്ക്കൽ.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം-695 036.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരുവനന്തപുരം നോർത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ1/189/2025/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 04-02-2026 14:49:26
സെക്ഷൻ ഓഫീസർ